പോത്തുപാറ കോളനിയിലേക്ക് വൈദ്യുതി ലൈൻ വലിക്കാൻ വനംവകുപ്പിന്റെ അനുമതി

52(1009) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നിയിലെ പോത്തുപാറ ഹരിജൻ കോളനിയിലേയ്ക്ക് വൈദ്യുതി എത്തിക്കുന്നതിനായി കേന്ദ്ര വനം മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാനായി സംസ്ഥാന വനംവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനുമതി ലഭിച്ചുവോ;

(ബി) അനുമതി ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിലുള്ള തടസ്സം ഒഴിവാക്കാനുള്ളനടപടി കൈക്കൊണ്ടിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) പോത്തുപാറ കോളനിയിലേക്ക് വൈദ്യുതി എത്തിക്കാനായി ലൈൻ വലിക്കാൻ വനാവകുപ്പിന്റെ അനുമതി എത്രയുംവേഗം നൽകാനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 24/01/2000-ൽ കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്. അനുമതി ലഭിച്ചിട്ടില്ല.

(ബി) ഫോറസ്റ്റ് ഏരിയയിൽക്കൂടി കടന്നു പോകുന്ന 11 കെ.വി. വൈദ്യുതി ലൈനിന് 7 മീറ്റർ വീതി വേണമെന്നും അതിനു വേണ്ടി വരുന്ന വനഭൂമി ആദ്യം ആവശ്യപ്പെട്ടിരുന്ന 0.4 ഹെക്ടർ അല്ലായെന്നും .84 ഹെക്ടർ ആണെന്നും ഇപ്രകാരം കൂടുതൽ ഭൂമി വേണ്ടി വരുന്നതിനാൽ മരങ്ങൾ മുറിക്കേണ്ടതുകൊണ്ട് പുതിയ പ്രൊഫോർമ വിവരങ്ങൾ നൽകുന്നതിന് കേന്ദ്രസർക്കാർ നിർദ്ദേശിക്കുകയുണ്ടായി. പുതിയ പ്രൊഫോർമ കലഞ്ഞൂർ ഇലക്ട്രിക്കൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ചിട്ടില്ല.

(സി) നടപടി സ്വീകരിച്ചു വരുന്നു.

തെന്മല ഡാമിലെ തടി അട്ടി വെക്കാത്തതുമൂലമുള്ള നഷ്ടം

53 (1010)ശ്രീ. ഇ.എം. അഗസ്തി :

ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെന്മല ഡിപ്പോയിൽ ലേലത്തിന് വയ്ക്കുന്ന തടികൾ ഇനവും ക്ലാസും തിരിച്ച് അട്ടി വയ്ക്കാറില്ലെന്നുള്ളത് സംബന്ധിച്ച റിപ്പോർട്ട് ഗവണ്മെന്റിന് കിട്ടിയിട്ടുണ്ടോ;

(ബി) ഇവിടെ തടി ഇനവും ക്ലാസും തിരിച്ച് അട്ടി വയ്ക്കുന്ന സമ്പ്രദായം അവസാനിപ്പിച്ചത് എന്നു മുതലാണെന്ന് അറിവുണ്ടോ;

(സി) ഇതു മൂലം ഉണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കിട്ടിയിട്ടുണ്ട്.

(ബി) അവസാനിപ്പിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly